**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154** **08-08-2023 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ വൈദ്യുതി ബന്ധം നിലച്ചാൽ വെളിച്ചത്തിന് പകരം സംവിധാനം ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സോളാർ പാനൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ ജനറേറ്റർ, സെൻട്രലൈസ്ഡ് യു.പി.എസ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സോളാർ പാനൽ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആരോഗ്യ പരിശോധനയും കൗൺസിലിംഗ് സംവിധാനവും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | അന്തേവാസികളെ പരിശോധിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ കൂത്തുപറമ്പ് ഗവ: താലൂക്ക് ആശുപത്രിയിൽ നിന്നും മെഡിക്കൽ ഓഫീസറും സ്റ്റാഫ് നേഴ്സും ജയിലിൽ എത്തുന്നുണ്ട്. |
| (സി) | ജയിലിലെ തടവുകാർക്ക് മാനസിക ഉല്ലാസം സാധ്യമാകത്തക്ക വിധം വിനോദോപാധികൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (സി) | കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ കഴിയുന്ന അന്തേവാസികളുടെ മാനസിക ഉല്ലാസം സാധ്യമാക്കുന്നതിനായി എൽ.ഇ.ഡി ടെലിവിഷൻ, റിക്രിയേഷൻ/ സ്പോർട്സ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നത് 2023-24 വർഷത്തെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കൂത്തുപറമ്പ് സ്പെഷൽ സബ് ജയിലിൽ ആവശ്യത്തിന് സ്വന്തമായി വാഹനമില്ലാത്തത് ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഒരു ജീപ്പ് കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ